"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ച കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ പ്രസാദ് പി.ടി. -ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.252/2025/LSGD തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.02.2023 ലെ LSGD/PD/7988/2023-DEA1 നമ്പർ നടപടി ക്രമം
2. സ.ഉ.(ആർ.റ്റി) നം. 706/2023/LSGD തീയതി 24.03.2023
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.08.2024 ലെ LSGD/PD/18361/2024-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പ്രസാദ് പി.ടി. ക്ക് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകിയ പരാമർശം 1 പ്രകാരമുള്ള നടപടി സാധൂകരിച്ച് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടിയാന് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ എസ് ആർ ഭാഗം I ചട്ടം 53(c)-ലെ വ്യവസ്ഥകൾ പ്രകാരം ചാർജ്ജ് ക്രമീകരണ ഉത്തരവ് തീയതി മുതലേ ചാർജ്ജ് ക്രമീകരണത്തിന് സാധുതയുള്ളൂ എന്നതിനാൽ, കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പ്രസാദ് പി.ടി. ക്ക്, ടിയാൾ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ച 31.01.2023 മുതൽ 07.07.2023 വരെയുള്ള കാലയളവിലേയ്ക്ക്, കെ.എസ്.ആർ ഭാഗം 1, ചട്ടങ്ങൾ 53(b)(2) [as amended vide G.O (P) No. 88/2017/Fin dated 11.07.2017] , 53 A II(c) , 53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ ചാർജ്ജ് ക്രമീകരണ ഉത്തരവ് തിയതി മുതൽ പരമാവധി മൂന്ന് മാസകാലയളവിലേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പ്രസാദ് പി. ടി, ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോഴിക്കോട് (പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോഴിക്കോട്

ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/256/2024-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 26-01-2025 05:19:10
സെക്ഷൻ ഓഫീസർ